**Chicago Knanaya Catholic Parish Bulletin**
**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153
**St. Mary's Parish Unit,** 5212 W. Agatite Ave, Chicago, IL 60630
**December 28, 2008, Vol. 4, Issue 14**
**All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm**

# 2009 2008

# Happy New Year!



## WE ARE GOD'S HOLY FAMILY

The scriptures of Israel are filled with many stories of barren couples who were miraculously granted the gift of children by God. Surely the best known among these is the first reading from today, from which Luke took inspiration when he recounted the miraculous birth of John the Baptist to Zechariah and Elizabeth, and the more miraculous birth of Jesus to Mary and Joseph. In each instance, we are given examples or role models of those who trusted in God. More than examples of those who trust, they are models of self-surrender. They abandoned their own presuppositions and prejudices about the workings of the world and turned their lives over to belief in a God who can make life grow where none ought to; a God who can turn death around into a new and unimagined life; a God who can, today, take a tiny child of humble parents in an insignificant town and make him into a light for all the world. This is what we, as God's holy family, are called to do each day: to trust not in ourselves and the way we think things should be, but to open ourselves and surrender ourselves in faith to a God of endless promise.

© Copyright, J. S. Paluch Co.



Prayer after Holy Mass at the modified shrine of Our Lady of Guadalupe in our church.

### PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

### HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

### SYRO-MALANKARA MASS

**First Sundays of the month at 8:30 A.M.**

### RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

### ADORATION

**ALL: First Fridays after Mass.**

### RECONCILIATION / CONFESSION

**First Sundays from 10:00 A.M. - 12:30 P.M.**

### NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

### PRAYER GROUP

**Sundays after 10:00 A.M. Mass.**

### THEOLOGY CLASS

**Second and Fourth Saturdays after 10:00 A.M. Mass.**

### ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

### LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

### MEN'S & WOMEN'S MINISTRIES

**Third Saturday after 10:00 A.M. Mass**

### PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass.**

January 2009

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |

## Schedule of Events

**SATURDAY, DECEMBER 27, 2008**
Retreat continues for Couples and Youth at Rockford.
Holy Mass and Novena at 10:00 A.M.

**SUNDAY, DECEMBER 28, 2008**
**തിരുക്കുടുംബത്തിന്റെ തിരുന്നാൾ ദിവസം.**
Retreat continues for Couples and Youth at Rockford.
Holy Mass at Maywood at 10:00 A.M.
**No Religious Education Class today at Maywood and OLV because of Christmas Holidays.**
Mass at OLV at 5:30 P.M

**MONDAY, DECEMBER 29, 2008**
Retreat for Couples and Youth at Rockford ends this evening.

**WEDNESDAY, DECEMBER 31, 2008**
**Year End Service with mass and adoration at Maywood at 7:00 P.M.**
**Year End Service with mass and novena at Community Center at 10:00 P.M.**

**THURSDAY, JANUARY 1, 2009**
**നമ്മുടെ കർത്താവിന്റെ നാമകരണം.**
**New Year Service with mass at Maywood at 10:00 A.M.**
**No novena at Community Center today because of New Year.**

**FRIDAY, JANUARY 2, 2009**
**ദൈവ മാതൃത്വ തിരുന്നാൾ**
Holy Mass and adoration at 7:00 P.M.
Volunteers' Meeting after Holy Mass.

**SATURDAY, JANUARY 3, 2009**
**ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുന്നാൾ ദിവസം.**
Holy Mass and Novena at 10:00 A.M.

**SUNDAY, JANUARY 4, 2009**
**വി. എസ്തപ്പാനോസ് സഹദായുടെ തിരുന്നാൾ ആഘോഷം.**
**രാവിലെ 10:00ന് ലദീഞ്ഞ്, റാസ, പ്രസംഗം.**
**മുഖ്യ കാർമ്മികൻ: ഫാ. റോയി കട്ടപ്പിൽ**
**No Religious Education Class today at Maywood and OLV because of New Year Holidays.**
Mass at OLV at 5:30 P.M.

**TUESDAY, JANUARY 6, 2009**
**ദനഹാ തിരുന്നാൾ.**
Holy Mass and Novena at 10:00 A.M.

**THURSDAY, JANUARY 8, 2009**
**മാർ ചൂളപ്പറമ്പിൽ പിതാവിന്റെ ചരമ ദിനം.**
Holy Mass, Novena, and Benediction at Community Center at 7:00 P.M.

**FRIDAY, JANUARY 9, 2009**
Holy Mass at 7:00 P.M.

**SATURDAY, JANUARY 10, 2009**
Holy Mass and Novena at 10:00 A.M.

**SUNDAY, JANUARY 11, 2009**
Holy Mass Rel. Edu. Class at Maywood at 10:00 A.M.



# വികാരിയുടെ സന്ദേശം

## ജൂബിലി വത്സരത്തിൽനിന്ന് അനുരഞ്ജന വത്സരത്തിലേയ്ക്ക്

എന്റെ പ്രിയ സഹോദരങ്ങളേ,

നന്മകൾ ചെയ്യുവാൻ ദൈവം നല്കിയ 2008 നമ്മെ വിട്ടുപിരിയുമ്പോൾ ക്നാനായ മിഷന്റെ ഈ രജത ജൂബിലി വത്സരത്തിൽ ദൈവം നമുക്കു തന്ന നന്മകളെ നന്ദിയോടെ സ്മരിക്കാം. ഡിസംബർ 31ലെ വർഷാവസാന ശുശ്രൂഷയിലും പിറ്റേ ദിവസത്തെ വർഷാരംഭ പ്രാർത്ഥനയിലും പള്ളിയിൽ പങ്കെടുത്തു ദൈവത്തോടുള്ള നമ്മുടെ നന്ദിയും വിധേയത്വവും പ്രകടിപ്പിക്കാം.

നമ്മുടെ ഇടവക സ്പോൺസർ ചെയ്തു മിയാവു രൂപതയിലേയ്ക്ക് നടത്തിയ മിഷനറി തീർത്ഥാടനമായിരുന്നു 2008ലെ നമ്മുടെ പ്രഥമ പരിപാടി. നമ്മുടെ ഇടവകയുടെ പേരിൽ നാം നിർമ്മിച്ചു നല്കിയ പള്ളിയുടെ വെഞ്ചരിപ്പിൽ പങ്കെടുത്തപ്പോൾ സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുമ്പോഴുണ്ടാകുന്ന ആനന്ദം നാം അനുഭവിച്ചറിഞ്ഞു. അതിനാൽ നാം അവിടേയ്ക്കു കൂടുതൽ പള്ളികൾ നിർമ്മിച്ചു നല്കുകയും മിയാവു രൂപതയിലെ മുഴുവൻ (22) വൈദിക വിദ്യാർത്ഥികളെയും സഹായിക്കുകയും ചെയ്തു വരുന്നു. "കൊടുക്കും തോറും ഏറിടും" എന്ന പഴമൊഴിയുടെ പൊരുൾ നാം തിരിച്ചറിഞ്ഞിരിക്കുന്നു. പങ്കു വെയ്ക്കൽ സ്വർഗ്ഗത്തിലേയ്ക്കുള്ള കുറുക്കു വഴിയും അതിനുള്ള മനസ്സ് ദൈവിക വരവുമാണ്. അതു വഴി ലഭിക്കുന്ന ആനന്ദം, പങ്കുവയ്ക്കുന്നവർക്കേ മനസ്സിലാവൂ. നിർബന്ധത്താൽ പങ്കുവയ്ക്കുമ്പോഴാകട്ടെ ആനന്ദം ലഭിക്കുകില്ലെന്നു മാത്രമല്ല, അതു മാനസിക അസ്വസ്ഥത ഉളവാക്കുകയും ചെയ്യുന്നു.

നമ്മുടെ സെമിത്തേരിയിൽ നമ്മുടെ രണ്ടു പള്ളികളെ പ്രതിനിധാനം ചെയ്ത് ഈശോയുടെ തിരുഹൃദയത്തിന്റെയും മാതാവിന്റെ വിമല ഹൃദയത്തിന്റെയും തിരുസ്വരൂപം ആലേഖനം ചെയ്തിട്ടുള്ള ഗ്രോട്ടോ ജൂലൈ 13ന് മാർ ജോസ് പണ്ടാരശ്ശേരി പിതാവ് വെഞ്ചരിച്ചു. ആഗസ്റ്റ് 3ന് മിഷന്റെ രജത ജൂബിലി അഭിവന്ദ്യ പിതാക്കന്മാരായ മാർ മാത്യു മൂലക്കാട്ട്, മാർ ജേക്കബ് അങ്ങാടിയാത്ത്, മാർ ജോർജ് പള്ളിപ്പറമ്പിൽ എന്നിവരുടെ കാർമ്മികത്വത്തിൽ കൃതജ്ഞതാബലിക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നല്കി നാം ആചരിച്ചു. സീറോ മലബാർ പാരമ്പര്യ പ്രകാരം നമ്മുടെ പള്ളിയുടെ മദ്ബഹാ നാം പുനർനിർമ്മിച്ച് ഒക്ടോബർ 26ന് മൂലക്കാട്ട്, അങ്ങാടിയാത്ത് എന്നീ പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ ആശീർവ്വദിച്ചു.

ഈ വർഷം നമ്മുടെ പള്ളിയിൽ മറ്റനവധി നവീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞത് നിങ്ങളേവരുടെയും സാമ്പത്തിക സഹകരണവും സന്നദ്ധ സേവനവും കൊണ്ടാണ്. പാർക്കിംഗ് ലോട്ട് നവീകരിച്ചു വൈദ്യുതീകരിക്കൽ, സ്ഥിരമായ വേലി സ്ഥാപിക്കൽ, ഹാൾവേയും പാരീഷ് ഹാളും വലുതാക്കൽ ഗ്വഡലൂപ്പെ മാതാവിന്റെ ഗ്രോട്ടോ പുനഃസ്ഥാപിക്കൽ എന്നിങ്ങനെ നിരവധി സൗകര്യങ്ങൾ നാം ചെയ്തു.. നമ്മുടെ മലങ്കര റീത്തിൽ ഉൾപ്പെട്ടവർക്കുവേണ്ടി സീറോ-മലങ്കര കുർബ്ബാന ജൂലൈ 20 മുതൽ മാസത്തിലൊരിക്കൽ നാം അർപ്പിക്കുന്നു.

പള്ളിയിലെ തിരുന്നാളുകൾക്കും സ്വീകരണ പരിപാടികൾക്കും കൊഴുപ്പേകുവാൻ നാം കൂടുതൽ മുത്തുക്കുടകൾ ഈ വർഷവും നാട്ടിൽനിന്നു വരുത്തുകയുണ്ടായി. കൂടാതെ കുട്ടികളുടെ ചെണ്ടമേളവും ബാന്റ് മേളവും പരിശീലിപ്പിച്ചു പുതിയ റ്റീമുകളെ സജ്ജമാക്കി. ജൂൺ 7ന് മണികിലുക്കം പ്രോഗ്രാമിലൂടെ ധന സമാഹരണം നടത്തി.

ഇടവകയുടെ എല്ലാ മിനിസ്ട്രികളും സജീവമായി പ്രവർത്തിക്കുന്നതോടൊപ്പം സീനിയർ സിറ്റിസൺസിനുവേണ്ടി വിസ്കോൺസിനിലേയ്ക്ക് ജൂൺ 21ന് തീർത്ഥാടനം നടത്തി. കൂടാരയോഗ വാർഷിക ക്യാമ്പ് ഇൻഡ്യാനായിൽ ഈ വർഷം സംഘടിപ്പിച്ചു. ധ്യാനം, പ്രാർത്ഥനാഗ്രൂപ്പ്, ഭക്തസംഘടനകൾ, തിരുന്നാളുകൾ, മതബോധന പരിശീലനത്തിൽ ഹൈസ്കൂൾ വിഭാഗം, റിലിജിയസ് എജ്യുക്കേഷൻ ഫെസ്റ്റിവൽ, എന്നിങ്ങനെ 2008 നമുക്കു സജീവ പ്രവർത്തന ഘട്ടമായിരുന്നു.

സെപ്റ്റംബർ 30 മുതൽ രണ്ടാഴ്ചത്തേയ്ക്കു വിശുദ്ധ നാടുകളിലേയ്ക്കും റോമിലേയ്ക്കും നടത്തിയ തീർത്ഥാടനം 2008ലെ അവിസ്മരണീയമായ മറ്റൊരു അനുഭവമാണ്. വി. അൽഫോൻസാമ്മയുടെ നാമകരണ ചടങ്ങിൽ 101 പേർ നമ്മുടെ ഇടവകയിൽനിന്നുതന്നെ പങ്കെടുത്തത് റിക്കോർഡാണ്.

ഇവയോടൊപ്പം സെന്റ് മേരീസ് യൂണിറ്റിനും ജൂബിലി വത്സരത്തിൽ ദൈവം നല്കിയ വലിയ സമ്മാനമാണ് രണ്ടാമത്തെ പള്ളിയ്ക്കുവേണ്ടി സ്ഥലം വാങ്ങുവാൻ നാമെടുത്ത തീരുമാനം നമ്മുടെ ഇടവകയുടെ ഐക്യത്തിനും അനുരഞ്ജനത്തിനും വഴിതെളിക്കുന്ന പദ്ധതിയായി ഞാനതിനെ കാണുകയാണ്. 2008 ആരംഭിക്കുമ്പോഴുണ്ടായിരുന്നതിനേക്കാൾ എത്രയോ വലിയ ശാന്തിയോടെയും ഐക്യത്തോടെയുമാണ് 2009ലേയ്ക്കു നാം കടക്കുന്നത്.

നന്മകൾ ചെയ്യുവാൻ ഇനിയും എത്രനാൾ ദൈവം നമുക്കു നല്കുമെന്ന് അറിഞ്ഞുകൂടാ. ഇനി ലഭിക്കുന്ന ചുരുങ്ങിയ സമയമെങ്കിലും പരസ്പരം പഴിചാരുന്നതിനേക്കാൾ നന്മ കണ്ടെത്തി കൂട്ടായ്മയോടെ ജീവിക്കുന്ന കാലഘട്ടമാക്കാം. നമ്മുടെ ഗ്രൂപ്പിസങ്ങൾ മാറി ദൈവത്തോടും ക്രിസ്തു സ്ഥാപിച്ച സഭയോടും യോജിച്ച് മേവുഡിലെ യൂത്ത് സെന്ററും ഹോഫ്മാനിലെ പള്ളിയും 2009ൽ പടുത്തുയർത്താം. ഈ പുതു വർഷം അനുരഞ്ജന വത്സരമാക്കി മാറ്റുവാൻ നമുക്കു ശ്രമിക്കാം. നവ വത്സരാശംസകളോടെ,

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

---

**നറുങ്ങുവെട്ടം**



**ക്നാനായ ഐക്യത്തിന്റെ സ്നേഹോഷ്മള കുളിർകാറ്റ് ഷിക്കാഗോ മുതൽ അമേരിക്ക മുഴുവൻ വീശിതുടങ്ങിയിരിക്കുന്നു.**

# അഭയകേസ്സും അഴിമതിക്കഥകളും

***12-9-2008ൽ കോട്ടയം ക്രിസ്തുരാജാ കത്തീഡ്രലിലെ പ്രാർത്ഥനാ സമ്മേളനത്തിൽ എറണാകുളം അതിരൂപതാംഗമായ റവ. ഫാ.പോൾ തേലക്കാട്ടിന്റെ പ്രസംഗത്തിൽ നിന്ന്:***

"കത്തോലിക്കാ സഭയിലെ അംഗമെന്ന നിലയിൽ വളരെ മനോവേദനയോടെയാണ് ഞാൻ നിങ്ങളുടെ മുൻപിൽ നില്ക്കുന്നത്. ആ ദുഃഖം നിങ്ങളും പേറുന്നവരാണ്. നമ്മുടെ സിസ്റ്റർ അഭയ 1992ൽ അപമൃത്യുവിനിരയായിട്ട് 16 വർഷങ്ങളായി. 16 വർഷങ്ങളായി നിങ്ങളും ഞാനും അതിന്റെ പേരിൽ മാനഹാനിക്കും പീഡനത്തിനും വിധേയമാകുന്നു. വ്യക്തിപരമായി ചില ആശയങ്ങളുടെ പ്രശ്നം എന്നതിലുപരി സഭയാണ് ഇവിടെ പ്രതിക്കൂട്ടിൽ നിർത്തപ്പെട്ടിരിക്കുന്നത്. ഇപ്പോൾ നമ്മുടെ രണ്ടു വൈദികരും ഒരു സിസ്റ്ററും കൊലക്കുറ്റം ചുമത്തി ജയിലിൽ കഴിയുന്നു. അവരുടെ മുൻപിൽ നിഷ്പക്ഷരായോ നിസ്സംഗരായോ എനിക്കോ നിങ്ങൾക്കോ നില്ക്കാൻ ആകുന്നില്ല.

നാം സഭയെന്ന വിധത്തിൽ രണ്ടുതരം വിസ്താരത്തിനും വിധിക്കുമാണ് വിധേയരായിരിക്കുന്നത്. രാജ്യത്തെ കുറ്റകൃത്യങ്ങളെ സംബന്ധിക്കുന്ന നിയമങ്ങളിൽ നിന്ന് എന്തെങ്കിലും പ്രത്യേകാനുകൂല്യം ആവശ്യപ്പെട്ടല്ല ഇവിടെ സഭ ഒന്നിക്കുന്നത്. സാധാരണ പൗരന്മാർക്കുള്ള മനുഷ്യാവകാശങ്ങൾ വൈദികർക്കും സന്ന്യാസിനിമാർക്കും ഇല്ലാത്ത വിധത്തിൽ കാര്യങ്ങൾ നീങ്ങുന്നു എന്ന ഗൗരവമായ ആശങ്കയുണ്ടായിരിക്കുന്നു. നിയമ വ്യവസ്ഥിതിയോട് ആദരവു പുലർത്തുന്ന സഭയ്ക്ക് ഒന്നേ പറയാനുള്ളൂ. നിയമം മുഖം നോക്കാതെ തന്നെ നടപ്പിലാക്കണം. മുഖം നോക്കിയല്ല കന്യാകത്വ പരിശോധനകൾ നടത്തേണ്ടത് മനുഷ്യാവകാശം നോക്കിയാണ്. നിയമവും കോടതിയും അതിന്റെ വഴി സത്യസന്ധമായി സ്വീകരിക്കട്ടെ.

നിയമത്തിന്റെയോ കോടതിയുടെയോ വിസ്താരത്തിൽ നിന്നു ഭിന്നമായി മറ്റൊരു വിചാരണയും വിധിയുമാണ് നാം നേരിടുന്നത്. ഈ മാധ്യമ വിചാരണക്കാർ രണ്ടു കുറ്റങ്ങളാണ് സഭയുടെ മേൽ ചുമത്തിയിരിക്കുന്നത്. ഒന്ന്, സിസ്റ്റർ അഭയയെ കന്യാസ്ത്രീകളും അച്ചന്മാരും ചേർന്ന് കൊന്നു. ഇത് ശരിയാണെങ്കിൽ അതിന്റെ പ്രതികളെ പിടികൂടി ശിക്ഷിച്ചാൽ മതി. പക്ഷേ ഇവിടെയാണ് രണ്ടാമത്തെ കുറ്റാരോപണം. ഈ കുറ്റകൃത്യം പുറത്താകാതിരിക്കാനും പ്രതികളെ ശിക്ഷിക്കാതിരിക്കാനും വേണ്ടി സഭ കടുത്ത അഴിമതിയിലൂടെ അന്വേഷണങ്ങളെല്ലാം അട്ടിമറിച്ചു. ഇത് ശരിയെങ്കിൽ കൊലപാതകത്തെക്കാൾ ഭീകരമാനങ്ങളുടെ കുറ്റകൃത്യമാണ് സഭ ചെയ്തത്. ഈ അഴിമതി കേരളാ പോലീസിന്റെ മാത്രമല്ല സി. ബി.ഐയുടെ വരെ കൈകൾ കെട്ടി. മാത്രമല്ല അതിനുവേണ്ടി നമ്മുടെ രാഷ്ട്രത്തിന്റെ അടിമുതൽ മുടിവരെ അഴിമതിയിൽ മുക്കി. പ്രധാന മന്ത്രി, മന്ത്രിമാർ, രാഷ്ട്രീയ പാർട്ടികൾ, നേതാക്കൾ എന്നിവർ ഈ അഴിമതിയുടെ കണ്ണികളായി. ബാംഗ്ലൂരിലെ ഫോറൻസിക് ലാബ് റിപ്പോർട്ടുകൾ തിരുത്താനും സി.ബി.ഐയുടെ നാർകോ അനാലിസിസ് സി.ഡിയിൽ കൂടി തിരിമറി നടത്താനും ഇടയാക്കി. ഈ അഴിമതിയിൽ ശ്വാസം മുട്ടി സി.ബി.ഐയുടെ ഒരു കുറ്റാന്വേഷകൻ രാജിവച്ച് പിരിഞ്ഞുപോലും.

ഈ വലിയ അഴിമതിക്കഥ പറയാൻ മാധ്യമ വിചാരണ വേദികളിൽ പ്രത്യക്ഷപ്പെട്ട ആളുകളെ നിങ്ങൾ ഓർക്കുന്നുണ്ടാകാം. ഒരു ജോസഫ്, വർഗീസ്, ലീല, ജോമോൻ ഇങ്ങനെ പോകുന്നു. ഇവരൊന്നും മോശക്കാരല്ല. സമൂഹത്തിന്റെ സത്യ നീതി ധർമ്മങ്ങൾ മൊത്തമായി ഏറ്റെടുത്തു നടത്തുന്നവർ. മാത്ര മല്ല അഭയക്കേസ്സിൽ മറ്റാർക്കും അറിയാത്ത എല്ലാം ഏതാണ്ട് വ്യക്തമായി അറിവുള്ള മാന്യന്മാർ. ഒരു സംശയവും ഇക്കാര്യങ്ങളിൽ അവർക്കില്ല. ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ. സഭയാകുന്ന ഭീമന്റെ ബലത്തിൽ വലിയ വിശ്വാസമുള്ളവർ. ആ ഭീമനെ അടിച്ചു വീഴ്ത്താൻ തക്കം നോക്കുന്നവർ. താരപ്രഭയോടെ അവർ സഭയെ പ്രതിക്കൂട്ടിലാക്കിയപ്പോൾ അതോടെ പ്രതിക്കൂട്ടിൽ ആക്കപ്പെട്ട മറ്റുപലരുമുണ്ട്.

കേരളാ പോലീസ്, കേരളാ ക്രൈംബാഞ്ച്, രണ്ടുകൂട്ടരും ആത്മഹത്യയാണ് നടന്നത് എന്നു പറഞ്ഞവരാണ്. അതിവിടത്തെ ഫോറൻസിക് വിദഗ്ദ്ധരും പറഞ്ഞു. എല്ലാവരും അഴിമതിക്കാരായി; തെളിവുകൾ നശിപ്പിച്ചവരായി. കോരളാ പോലീസിന്റെ എ.എസ്.ഐ. അഗസ്റ്റിൻ ജീവനൊടുക്കി. പിറ്റേന്ന് മനോരമ ദിനപത്രത്തിൽ കേരളാ പോലീസിന്റെ രണ്ടു മുൻ ഡി.ജി.പിമാർ ലേഖനമെഴുതി. സി.ബി.ഐയുടെ ഇപ്പോഴത്തെ നിലപാടുകളെ ചോദ്യം ചെയ്തുകൊണ്ടും അവരുടെ നിലപാടുകളിൽ ഉറച്ചു നിന്നുകൊണ്ടും കേരള ശബ്ദം പോലുള്ള പ്രസിദ്ധീകരണങ്ങളും ആത്മഹത്യാ സിദ്ധാന്തത്തിൽ ഉറച്ചു നില്ക്കുന്നു. ഇവരും സഭാഭീമൻ കൈകെട്ടിയവരായിരിക്കും.!

സഭ അഴിമതികൊണ്ട് കൈകെട്ടിയതിന്റെ പട്ടിക തീർന്നിട്ടില്ല. ഇൻഡ്യയുടെ പ്രധാന മന്ത്രിമാർ, ദേശീയ പാർട്ടികൾ. ഇത്ര വലിയ ശക്തി കത്തോലിക്കാ സഭയ്ക്ക് ഉണ്ടല്ലോ എന്ന തെറ്റായ അഭിമാന ബോധം തോന്നിയിട്ടുണ്ട്. ഒരു ദേശീയ പാർട്ടിയെയോ ഒരു പ്രധാന മന്ത്രിയേയോ മാത്രം പാട്ടിലാക്കിയാൽ പോരല്ലോ? 16 കൊല്ലങ്ങൾ ഇതു നിലനിർത്തി. നരസിംഹറാവുവിനുശേഷം പ്രധാന മന്ത്രിമാർ പലരുണ്ടായി. വാജ്പേയി പോലും അഞ്ചു കൊല്ലം ഭരിച്ചു. ദേശീയ പാർട്ടികൾ മാറി. ബി.ജെ.പി ഭരിച്ചു. മാർക്സിസ്റ്റുകാർ കൂട്ടുകെട്ടായി ദേശീയ മന്ത്രിസഭയുണ്ടാക്കി. ഇവരെല്ലാം പ്രത്യക്ഷമായോ പരോക്ഷമായോ അഭയക്കേസ് അട്ടിമറിക്കുന്നതിൽ കൂട്ടുകാരായി.

പ്രതിക്കൂട്ടിൽ സി.ബി.ഐയും നില്ക്കുന്നു.1993 മുതൽ ഈ കേസ് ഏറ്റെടുത്ത് അന്വേഷിക്കുന്നത് സി.ബി.ഐ ആണ്. സി. ബി.ഐയുടെ സൂപ്രണ്ട് ത്യാഗരാജൻ ഇത് ആത്മഹത്യയാണ് എന്നു പറഞ്ഞ് കേരളാ പോലീസിനെപ്പോലെ അഴിമതിക്കാരനായി. സൂപ്രണ്ടുമാർ പലർ സി.ബി.ഐൽ വന്നു. സി.ബി.ഐയുടെ ഫോറൻസിക് വിദഗ്ദ്ധൻ ഇതു കൊലപാതകമാണെന്നും വിധിച്ചു. കൊലപാതകിയെ സി.ബി.ഐയുടെ സംഘങ്ങൾ മാറി മാറി അന്വേഷിച്ചു. ആരേയും അറസ്റ്റു ചെയ്യാൻ കഴിഞ്ഞില്ല. എന്തുകൊണ്ട്? തെളിവില്ലാഞ്ഞിട്ടാണ് എന്ന് അവർ പറയുന്നു. പക്ഷേ, നമ്മുടെ സത്യാന്വേഷകർ പറയുന്നു. അവരുടെ കൈകൾ സഭ കെട്ടിയിട്ടതുകൊണ്ടാണ് എന്ന്.

അങ്ങനെ ഇഡ്യയുടെ പ്രശസ്തമായ കുറ്റാന്വേഷണ വകുപ്പ് കത്തോലിക്കാ സഭയ്ക്കുപോലും കെട്ടി അടിമയാക്കി നടത്താവുന്ന

(Continued on page 5)

*(Continued from page 4)*

അഴിമതി ഏജൻസിയാണ് എന്ന കുപ്രസിദ്ധിയുണ്ടാക്കി. കൊലപാതകമാണെങ്കിൽ കൊലപാതകിയെ കണ്ടുപിടിക്കണമെന്ന് കോടതിയും ശാഠ്യപ്പെട്ടു. ഈ ഘട്ടത്തിലാണ് അന്വേഷണം സി.ബി.ഐയുടെ കേരളഘടകത്തിന് ഈ കേസ്സ് കൈമാറിയത്.

കത്തോലിക്കാ സഭയുടെ ഭീകരമായ അഴിമതിയുടെ ചിത്രമാണ് മാധ്യമങ്ങളും ഇവിടുത്തെ ചില സത്യന്വേഷകരും ചേർന്ന് വിസ്തരിച്ച വിധിച്ചത്. പക്ഷേ ഈ പ്രക്രിയയിൽ കേന്ദ്ര സർക്കാരും ദേശീയ പ്രാദേശിക പാർട്ടികളും പോലീസും ക്രൈം ബ്രാഞ്ചും സി.ബി.ഐയും കൂട്ടുപ്രതികളായത് മാന്യലോകം ശ്രദ്ധിച്ചോ എന്നറിയില്ല. പൊതുവേദികളിലും മാധ്യമങ്ങളിലും ഈ വിസ്താരവും വിധിയും നടത്തിയവരുടെ ലക്ഷ്യം എന്തായിരുന്നു? ധർമ്മ സംസ്ഥാപനമോ? അതിനിടയിൽ ഒരു വിദ്വാൻ ധാരാളം പണം ഇതുമായി ബന്ധപ്പെട്ട് ഉണ്ടാക്കി എന്നു പാട്ടായി. കേരള ഹൈക്കോടതിപോലും അതു സാധൂകരിക്കുന്ന ചില പരാമർശങ്ങൾ നടത്തി. സിസ്റ്റർ അഭയുടെ സഹോദരനും അതു തന്നെ പറഞ്ഞു.

കത്തോലിക്കാ സഭയാണ് കുറ്റം ചെയ്തത് എന്ന് സമർത്ഥിക്കാൻ നടക്കുന്നവർക്ക് പണം ആര് കൊടുക്കുന്നു? എന്താണ് അവരുടെ ലക്ഷ്യം? കോടതിയിൽ വച്ച് സി. സെഫിയുടെ ചെവിട്ടിൽ മറ്റൊരു കന്യാസ്ത്രി മന്ത്രിച്ചത് കൃത്യമായി കേട്ടു റിപ്പോർട്ടു ചെയ്യുന്നവർക്കോ വൈദികന്റെ മുറിയിലെ പുസ്തക മാസികകളുടെ കൃത്യ വിവരങ്ങൾ നല്കുന്ന മാധ്യമപ്രവർത്തകർക്കോ ഇത്തരം അന്വേഷണങ്ങളിൽ താല്പര്യം ഉണ്ടെന്നു തോന്നുന്നില്ല. 1996ൽ സി.ബി.ഐ അഭയക്കേസിന്റെ വ്യക്തമായ തെളിവു നല്കുന്നവർക്ക് പ്ര്യാപിച്ച മൂന്നു ലക്ഷം രൂപയുടെ പാരിദോഷികം ഇന്നുവരെ ആർക്കും കൊടുത്തതായി അറിവില്ല. പക്ഷേ, നമ്മുടെ മാധ്യമ വേദികളിലെ അഭയകേസ്സ് വിദഗ്ധർ എത്ര കൃത്യമായി പ്രതികളെക്കുറിച്ച് അർത്ഥശങ്കയില്ലാതെ പറയുന്നു! അവരുടെ ഈ ഉറപ്പിന്റെ പിന്നിൽ എന്ത്? ആരന്വേഷിക്കുന്നു?

ഇന്ധ്യയിലെ ഏറ്റവും വലിയ കുറ്റാന്വേഷണ ഏജൻസിയായ സി.ബി.ഐ കൊലപാതകമാണെന്നു പറയുകയും കൊലപാതകിയെ കണ്ടെത്താതിരിക്കുകയും ചെയ്യുന്നത് സഭ അവരുടെ കൈകൾ കെട്ടിയതുകൊണ്ടാണ് എന്നതിൽ ഇന്ന് പലർക്കും സംശയമില്ല. സ്വന്തം തലയിൽ ഇത്രമാത്രം അഴിമതി ആരോപണം ഏറ്റെടുക്കേണ്ടി വന്ന സി.ബി.ഐയുടെ പുതിയ സംഘം എന്തു ചെയ്യും? വീണ്ടും തെളിവില്ലെന്നു പറയാനാകുമോ? സ്വന്തം തടിയെങ്കിലും രക്ഷിക്കാനുള്ള മിടുക്ക് കാണിക്കണ്ടേ? 16 വർഷം കൊണ്ട് തെളിയിക്കാത്ത കേസ്സ് 16 നിമിഷംകൊണ്ട് തെളിയിക്കുന്ന മായാജാലം ഇവിടെ നടന്നു.

അച്ചന്മാരും സിസ്റ്ററും അറസ്റ്റിലായി. ഉടൻ നമ്മുടെ മാധ്യമങ്ങളും അതിലെ സ്ഥിരം സാക്ഷികളും അസന്നിഗ്ധമായി പ്രഖ്യാപിച്ചു. സത്യം പുറത്തുവന്നു; സി.ബി.ഐ അതോടെ സ്വതന്ത്രമായി, സത്യസന്ധമായി, അഴിമതി മുക്തമായി സി.ബി.ഐയുടെ പാപഭാരം നീങ്ങി. അഴിമതിയെക്കുറിച്ച് അന്വേഷണം വേണമെന്നിപ്പോൾ ആർക്കും പറയാനാവില്ല. അവരെ തൂക്കിയാൽ മതി.

പക്ഷേ, ഒരു സംശയം. ഈ കത്തോലിക്കാ സഭയ്ക്ക് എന്തു പറ്റി? 16 വർഷം കുറ്റാന്വേഷകരുടെ കൈകൾ കെട്ടാൻ കഴിവുള്ള, പ്രധാന മന്ത്രിയെവരെ വിലയ്ക്കെടുത്ത സഭ ഇത്ര ബലഹീനമായിപ്പോയോ? സി. ബി. ഐയെ മുഴുവൻ കെട്ടിയ സഭ ഈ കേരളാ യൂണിറ്റിനെ കെട്ടാൻ കഴിവില്ലാത്തതായോ? കേരള ഘടകവും അഴിമതിയിൽ 16 കൊല്ലം നീണ്ട സി.ബി. ഐയുടെ തന്നെയാണല്ലോ. അമേരിക്കയിലെ എഫ്.ബി.ഐ. യുടെ ഘടകമല്ലല്ലോ. ഇപ്പോഴത്തെ സി.ബി.ഐക്കാർ അഴിമതി മുക്തവും സത്യസന്ധവുമായത് ഇവിടെ ചിലർ ഉണ്ടാക്കിയ കഥ അവർ എടുത്ത് പ്രതികളുടെമേൽ ആരോപിച്ചതുകൊണ്ടാണോ?

അച്ചന്മാരേയും കന്യാസ്ത്രികളേയും അറസ്റ്റ് ചെയ്യാത്ത സി.ബി.ഐ. അറസ്റ്റു ചെയ്ത സി.ബി.ഐ സത്യസന്ധർ - ഇതാണ് നാം കാണുന്ന രീതിശാസ്ത്രം. ഇത് കൊലപാതകമാണെങ്കിൽ കൊന്നവർ പുറത്തുണ്ടെന്നതിന്റെ സൂചനകൾ അന്വേഷിക്കാൻ പോലും ഇവർ സന്നദ്ധരല്ല. രോഗി ആഗ്രഹിച്ചതും വൈദ്യൻ കുറിച്ചതും ഒന്നുതന്നെ. അറസ്റ്റ് നടന്ന ദിവസം തന്നെ ഒരു പത്രപ്രവർത്തകൻ സി.ബി.ഐയോട് ചോദിച്ചു: മുൻസംഘങ്ങൾ അറസ്റ്റു ചെയ്യാതിരിക്കുകയും നിങ്ങൾ അറസ്റ്റു ചെയ്യുകയും ഉണ്ടായത് എന്തുകൊണ്ട്? സി.ബി.ഐ തലവൻ പറഞ്ഞ മറുപടി പത്രങ്ങളിലും ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു; ഒരു രോഗിയെ പല വൈദ്യന്മാർ പരിശോധിച്ചാൽ പല നിഗമനങ്ങളിൽ എത്തും. ഇപ്പോഴത്തെ വൈദ്യന്റെ നിഗമനം എങ്ങനെ? ആനയെ കാണാൻ പോയ അന്ധന്മാരുടെ കഥ. ആരെയെങ്കിലും തൂക്കാതെ ഞങ്ങൾക്ക് രക്ഷയില്ല എന്ന നിലപാടിൽ നിന്നുള്ള നടപടികൾ. മാധ്യമങ്ങളുടെ വിധി സ്വയം ഏറ്റെടുത്ത് കുറ്റത്തിന്റെ കഥയുണ്ടാക്കി ആരോപിക്കുകയാണോ? സി.ബി.ഐ സംഘം മെനഞ്ഞെടുത്ത കഥ ഏറ്റു പറഞ്ഞാൽ മാപ്പുസാക്ഷിയാക്കാം എന്ന പ്രലോഭനം എന്താണ് സൂചിപ്പിക്കുന്നത്? കോടതി എന്തും ചെയ്യട്ടെ. ഞങ്ങൾക്ക് തലയൂരാം. ഇതല്ലേ ഇവിടെ നടക്കുന്നത് എന്ന് ആലോചിച്ചു പോകുന്നു.

പഴയനിയമത്തിലെ ഡാനിയേലിന്റെ പുസ്തകത്തിൽ സൂസന്നയുടെ കഥ നാം വായിച്ചിട്ടുണ്ട്. ആ സ്ത്രീ വ്യഭിചാരം ചെയ്തത് കണ്ട സാക്ഷികളുണ്ടായിരുന്നല്ലോ. ആ സാക്ഷിമൊഴികൾ കേട്ട ജനം അവരെ കല്ലെറിഞ്ഞു കൊല്ലാൻ വിധിച്ചു. പക്ഷേ, ദൈവം അയച്ച ഒരു വക്കീൽ വന്നു. ഡാനിയേൽ. അതിവിടെയും ഉണ്ടാകും എന്നു ഞാൻ വിശ്വസിക്കുന്നു. വക്കീലന്മാർ മാത്രമല്ല, മാധ്യമപ്രവർത്തകരും മാന്യവ്യക്തികളുമുണ്ട്. സത്യം കാണുകയും കപട നാടകങ്ങൾ വീക്ഷിക്കുകയും ചെയ്യുന്ന നാനാജാതിമതസ്ഥരായ വലിയ വിഭാഗം ജനങ്ങളുണ്ട്. ഈശ്വരവിശ്വാസം എന്നെ സത്യം വിജയിക്കും എന്നു പഠിപ്പിക്കുന്നു.

അവനെ ക്രൂശിക്കുക എന്ന മുറവിളി പീലാത്തോസിന്റെ കോടതി വളപ്പിൽ മുഴങ്ങി. അവനിൽ കുറ്റമൊന്നും കണ്ടില്ല എന്നു പറഞ്ഞെങ്കിലും ആൾക്കൂട്ടത്തിന്റെ ആശ്വാസത്തിനുവേണ്ടി പീലാത്തോസ് അവനെ ക്രൂശിക്കാൻ വിട്ടുകൊടുത്തു. അങ്ങനെയുള്ള ന്യായാധിപന്മാർ ഉണ്ടായിട്ടുണ്ട്. എന്നാൽ നമ്മുടെ നീതിന്യായ വ്യവസ്ഥിതി പീലാത്തോസുമാരുടെ ആധിപത്യത്തിലാണ് എന്നു ഞാൻ കരുതുന്നില്ല. സത്യം വിജയിക്കും. നിരപരാധികൾ ക്രൂശിക്കപ്പെടുകയില്ല. എല്ലാവർക്കും സത്യബോധമുണ്ടാകട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം.

## വാർഷിക സംഭാവന നല്കിയോ?

**ഈ വർഷത്തെ വാർഷിക വിഹിതമായ 240 ഡോളർ നല്കാത്തവർ ഈ മാസം തന്നെ നല്കി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

## YEAR END & NEW YEAR SCHEDULE



**Wednesday, December 31**
07:00 P.M. Year-End Service at Maywood.
10:00 P.M. Year-End Service at Community Center.

**Thursday, January 1 at Maywood**
10:00 A.M. New Year Service and Holy Mass.

## ഹോഫ്മാനിൽ രണ്ടാമത്തെ പള്ളി

നമ്മുടെ സെന്റ് മേരീസ് ദൈവാലയത്തിനുവേണ്ടി ഹോഫ്മാൻ എസ്റ്റേറ്റ്സിൽ കെ.സി.എസിന്റെ സ്ഥലത്തോടു ചേർന്ന നാം പുതുതായി വാങ്ങുന്ന സ്ഥലത്തിന്റെ ക്ലോസിംഗ് ഫെബ്രുവരിയിൽ നടത്തേണ്ടതിനാൽ എല്ലാവരും എത്രയും വേഗം ഉദാരമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നാം ഉദ്ദേശിക്കുന്ന മാസ്റ്റർപ്ലാൻ താഴെ ചേർക്കുന്നു:




## ഒന്നാം ചരമ വാർഷികം

12-27-2008



മറിയാമ്മ ജോർജ്
കാരിക്കൽ, നീണ്ടൂർ

നമ്മുടെ ഇടവക ദൈവാലയത്തിൽ

### വിശുദ്ധ എസ്തപ്പാനോസ് സഹദായുടെ തിരുന്നാൾ

ജനുവരി 4 ഞായറാഴ്ച
രാവിലെ 10:00ന് റാസ

അടിമ വയ്ക്കുന്നതിനും കല്ലുംതുവാല എടുക്കുന്നതിനും നേർച്ച കാഴ്ചകൾ സമർപ്പിക്കുന്നതിനും അവസരമുണ്ടായിരിക്കും

പ്രസുദേന്തിമാർ:
മുൻ കുറുമുള്ളൂർ ഇടവകാംഗങ്ങൾ



| READERS / LECTORS | | പിറവിക്കാലം | |
|---|---|---|---|
| Dec. 28 | PASSAGE | MAYWOOD | ST. MARY'S UNIT |
| 1st Reading | Sirach 3:2-7,12-14 | Sindhu Jimmy | Shalom Oliyil |
| 2nd Reading | Colossians 3:12-21 | Lizy Naduveetil | Nidhin Kuruppamparam- |
| Gospel | Luke 2:22-40 | *The child grew and became strong.* | |
| Dec. 31 | | | |
| 1st Reading | Isaiah 49: 1-6 | Felix Puthenpurayil | Johnnykutty Pillaveetil |
| 2nd Reading | Ephesians 1: 3-14 | Lizy Stephen | Jomin Aikkaraparampil |
| Jan. 4 | | | |
| 1st Reading | Isaiah 60:1-6 | | Justina Edakkara |
| 2nd Reading | Acts 6:8-10; 7:54-59 | | Tanya Tharathattel |
| Gospel | Matthew 2:1-12 | *Magi from the east arrived.* | |

### ഉപകാര സ്മരണ



- Johny & Annamma Thekkeparambil


Prayers at the shrine of our church for the feast of Our Lady of Guadalupe.


Crowning Mathachan Ellankil, who represents St. Mary's Prayer Group, the sponsor of next year's feast.



# CHRISTMAS & NEW YEAR CELEBRATION

## BY MEN'S & WOMEN'S MINISTRIES

## Dinner and Entertainment (Flamingo Dance)

## at Alhambra Palace Restaurant in Chicago

On January 24th Saturday from 7:00 P.M. to 10:00 P.M.
Registration Fee including dinner, entertainment, and tips: $50.00
Please reserve your seat with the coordinators:
Joby Panayaparambil, Reethamma Accathara and Gracy Vachachira.
Seats are limited. First come first serve.


# For All Your Tax Services

**Free Electronic Filing**
**Fast Refund**

**1600 W. Dempster St., Suite 205**
**(Opposite to Lutheran General Hospital)**
**Park Ridge, IL 60068**

**Sabu Madathiparambil**
Cell: 847-276-7354
Off: 847-655-7472
sabuphilip@hotmail.com




***Thanks to our Advertisers.***


**LINCOLNWOOD MORTGAGE SERVICES, INC.**

**4039 W. Main St., Skokie, IL 60076**
**Phone: 847-674-1600**
**Fax: 847-674-1608**
*For all your Mortgage Services*
**Please contact: Benny Kuriakose (Kanjiraparayil)**
Phone: 847.583.1245, Pager: 773.258.1301.
**PURCHASE, REFINANCES, FIXED, ADJUSTABLE**
**We offer fast approvals**






AGAPE STORE OF OUR PARISH OFFERS

## Gift from Santa

On Weekends at Maywood church.
For donations for charity $2 / &5 / $10
Sponsors are welcome and honored.
Coordinator: Valsa Thekkeparambil.

***Please Support Our Advertisers.***


**Best compliments from The Mutholath Family**

**Pro-Rehab Services, P.C.**

**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463, (708) 489 6PRS
9518 W. 179th Street, Tinley Park, IL 60487, *www.pro-rehabservices.com*

**Choicecare Home Health, Inc.**

**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
6400 College Dr. Suite 100, Palos Heights, IL 60463
(708) 489-0123, *www.choicecarehh.com*

Medicare Certified, most insurance accepted.

Greetings to Knanaya Catholic Parish Chicago



SERVING THE MALAYALEE COMMUNITY SINCE 1982

Personal Injury • Wrongful Death • Medical Negligence • Car Accidents • Slip and Fall • Work Injuries

*Your Call is Always Welcome*

**Attorney Steve Crifase**

**312-855-0511**

8 South Michigan, Suite 2000, Chicago, Illinois 60603

*Dupage County Office and Home Visits Available*

**ST. MICHAEL'S TOWING**
24 HOUR ROADSIDE ASSISTANCE
1-866-JOE-4-TOW

**POWER WASH** 847-568-1500
4002 W. Chicago, IL
7736 W. Dempster, Morton Grove, IL



JOY CHEMMACHEL
312-560-1600

Gasoline distribution throughout the Midwest

***Your KNANAYA Gasoline Jobber***

**Gas Depot Oil Co.**
IL 60053
847-581-0303 (Off)
847-581-0309 (Fax)
**www.gasdepot.com**

WE ARE COMMITTED TO EXCELLENCE
COMING TOGETHER TO SERVE YOU BETTER



Sofi Lukose Puthenpurayil
Cell: 847-894-7486

Cyriac Lukose Puthenpurayil, Msc
Cell: 847-877-2870

RESIDENTIAL & COMMERCIAL
RE/MAX

**Professional with 11 years experience in catering.**

Call **WILLIAM GEORGE**
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out

**ROYAL TRAVEL SERVICE**

3423 W. LAWRENCE AVE, ROOM #5, CHICAGO, IL 60625
TEL: (773) 509-9600, FAX: (773) 509-1196

*KUWAIT AIRWAYS * AIR INDIA * MALAYSIAN
* SWISS AIR * BRITISH AIRWAYS * LUFTHANSA
AIR FRANCE * KLM * SINGAPORE AIR, ETC.,

**YOUR KNANAYA TRAVEL AGENCY**

CONTACT: JOSE KORATTIYIL, JAY KALAYIL, CHERIAN VENKADATHU

H&R BLOCK® tax, mortgage and financial services



Mathadas Zachariah
Tax Specialist 3
847-436-4330 (Cell)
Western Plaza 6212 N. Western Avenue
Chicago, IL 60659
Tel 773 973 4288 Fax 773 973 0166
District Office Year Round Service
4931 W. Irving Park Road Chicago, IL 60641
Tel 773 545 2734 Fax 773 545 0829 hrblock.com

*Home dream home !*
*To fulfill your sweet dream call today & experience the difference !*

Shaji Nirappil
Cell: (630)880-1044
Office: (630)539-7076
Fax: (630)833-6747
shajinirappil@hotmail.com



Avian Realty
Serving You More For Less
MLS

SPACE AVAILABLE FOR YOUR ADVERTISEMENT

CITYWIDE JMW REALTY INC.

4313 W. Irving Park, Chicago, IL 60641



**ALEX MULLAPPALLIL**
REALTOR CONSULTANT
Tel: 773-286-6200 * Cell: 847-208-6657
Res: 847-679-9431 * Fax: 773-286-9516
Specializing in: Gas Stations, Investments, Commercial, & Residential.

**FAMILY DENTAL Practice**
• Most Insurance accepted
• Free Consultation
• Emergencies promptly treated



Comprehensive Family & Cosmetic Dentistry
ORTHODONTICS (BRACES & INVISALIGN)
for children and Adults
DISCOUNTS available for every one
**MAJOR DISCOUNTS**
For patients WITHOUT insurance

Dr. Susnn Edukutharayil, B.D.S.,D.D.S.
(University of Illinois graduate) Practicing Dentistry in Chicago land area for the past 12 years !!!

**9709 N. Milwaukee Ave., Glenview, IL 60025**
(Northwest Corner of Milwaukee & Greenwood)
**Office: (847) 581-1418 Fax: ( 847) 581-1445**
Emergency: (630) 674-6201 Home: (630) 674-6207

FOR ALL YOUR PERSONAL AND BUSINESS TAX SERVICES



TOMY NELLAMATTAM
619 N. Milwaukee Ave., Suite 25
Glenview, IL 60025.
847-486-4112 (Off)
847-302-8556 (Cell)
847-724-3247 (Fax)



**Jaibu Mathew, E.A.**
ENROLLED TO PRACTICE BEFORE IRS

7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com

* Free Electronic Filing *
* Refund in 24 Hours *

**CitizensBank&Trust**
5700 N. Central Ave. Chicago, IL 60646

**YOUR COMMUNITY BANK!**
**WE ARE HERE FOR ALL YOUR NEEDS!**
***Commercial * Residential * Investments***

FDIC
FEDERAL DEPOSIT INSURANCE CORPORATION

EQUAL HOUSING LENDER

ANNA G. LES
ASSISTANT VICE PRESIDENT
Main: 773.763.6200
Email: annales@cbtoc.com

**United ATM & CARD**
***Your Source For Revenue***
619 N. Milwaukee Ave. Suite # 17
Glenview, IL 60025
**FREE ATM Machine**
**FREE Credit Card Machine**
**Call Thampychen Chemmachel**
Toll Free 866 595 8192 Office 847 510 5725
Cell 630 788 6486 Jlukose@ uaacc.com